## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2547 — 17.06.2019 ലെ മറുപടിയ്ക്ക്.

### പട്ടികജാതി വിഭാഗങ്ങൾക്കുളള ക്ഷേമപദ്ധതികൾ

| ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ : | | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഈ സർക്കാർ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിയ ക്ഷേമപദ്ധതികൾ എന്തൊക്കെയാണ്; | (എ) | പട്ടികജാതിവിഭാഗങ്ങളുടെ ഉന്നമനത്തിനായി ഈ സർക്കാർ പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിയ ക്ഷേമപദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>**1. പഠനമുറി**<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് എല്ലാ പഠന സൗകര്യങ്ങളോടും കൂടി ഒരു മുറി അവരുടെ വീടിനോട് ചേർന്ന് നിർമ്മിക്കുന്നതിന് രണ്ട് ലക്ഷം രൂപ സഹായം നൽകുന്നതാണ് ഈ പദ്ധതി.<br><br>**2. വാത്സല്യനിധി**<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് ജനനം മുതൽ സുരക്ഷ നൽകുന്നതിനും അവരുടെ സമഗ്ര വികസനത്തിനുമായിട്ടുള്ള ഇൻഷുറൻസ് ലിങ്ക്ഡ് പദ്ധതിയാണ്.<br><br>**3. വർക്കിംഗ് വിമൺസ് ഹോസ്റ്റൽ**<br><br>പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജോലിയുള്ള സ്ത്രീകൾക്കുവേണ്ടി എല്ലാ ജില്ലകളിലും ഹോസ്റ്റലുകൾ നിർമ്മിക്കുന്ന പദ്ധതി<br><br>**4. നഴ്സിംഗ് അപ്രന്റിസ്ഷിപ്പ്**<br><br>നഴ്സിംഗ് പഠനം പൂർത്തീകരിച്ച പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവതീ യുവാക്കൾക്ക് സർക്കാർ ആശുപത്രികളിൽ 15,000/- രൂപ ധനസഹായത്തോടെ താലൂക്ക്/ജില്ലാ ജനറൽ ആശുപത്രികളിൽ നഴ്സായി രണ്ടു വർഷത്തേയ്ക്ക് പരിശീലനം നൽകുന്ന പദ്ധതി.<br><br>**5. അംബേദ്കർ ഗ്രാമം പദ്ധതി**<br><br>30 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെട്ട കോളനികളിൽ 50 ലക്ഷം രൂപവരെ വികസന |

<table>
<tr><td></td><td></td><td></td><td>പ്രവർത്തനങ്ങൾ നടത്തുന്നതിന് ഡോ. അംബേദ്കർ ഗ്രാമ വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>6. ഹെൽത്ത് കെയർ സ്കീം.<br>പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്കുള്ള സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ഓരോ പദ്ധതിക്ക് 2018-19-ൽ എന്ത് തുക വീതമാണ് വകയിരുത്തിയിരുന്നത്; അതിൽ എന്ത് തുക മാർച്ച് 31ന് മുമ്പ് ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ?</td><td>(ബി)</td><td>(തുക കോടിയിൽ)
<table>
<tr><th>ക്രമ നം</th><th>പദ്ധതി</th><th>അനുവദിച്ച തുക</th><th>ചെലവഴിച്ച തുക</th></tr>
<tr><td>1</td><td>പഠനമുറി</td><td>121.66</td><td>121.66</td></tr>
<tr><td>2</td><td>വാത്സല്യനിധി</td><td>11</td><td>10.99</td></tr>
<tr><td>3</td><td>വർക്കിംഗ് വിമൺസ് ഹോസ്റ്റൽ</td><td>2</td><td>1.09</td></tr>
<tr><td>4</td><td>അംബേദ്കർ ഗ്രാമം പദ്ധതി</td><td>43</td><td>2.37</td></tr>
<tr><td>5</td><td>നഴ്സിംഗ് അപ്രന്റിസ്ഷിപ്പ്</td><td>50</td><td>44.03</td></tr>
<tr><td>6</td><td>ഹെൽത്ത് കെയർ സ്കീം</td><td></td><td></td></tr>
</table></td></tr>
</table>

സെക്ഷൻ ഓഫീസർ